# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 283 — 30.11.2015-ൽ മറുപടിക്ക്

### ഹർത്താൽ ദിനത്തിൽ ചാലക്കുടി മണ്ഡലത്തിലെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മൂർക്കനാട് സംഭവത്തെ തുടർന്ന്, ഹിന്ദു ഐക്യവേദി ആഹ്വാനം ചെയ്ത ഹർത്താൽ ദിനത്തിൽ, ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും, ഈ കേസ്സിൽ ഏതെങ്കിലും പ്രതികളെ പിടികൂടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (എ) മൂർക്കനാട് സംഭവത്തെ തുടർന്ന് ഹിന്ദു ഐക്യവേദി ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകൾ ആക്രമിച്ചതിന് ചാലക്കുടി പോലീസ് സ്റ്റേഷനിൽ 4 കേസുകൾ രജിസ്റ്റർ ചെയ്തു. ടി കേസുകളിലെ പ്രതികളെ ആരെയും തിരിച്ചറിയുവാനോ അറസ്റ്റ് ചെയ്യുവാനോ സാധിച്ചിട്ടില്ല. പ്രസ്തുത കേസുകൾ 'undetected' ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുണ്ടായ ഇരിങ്ങാലക്കുട എസ്.ഐ.യുടെ വസതി ആക്രമിച്ച കേസിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) ഇരിങ്ങാലക്കുട എസ്.ഐ.യുടെയും, സഹോദരന്റേയും വെറ്റിലപ്പാറയിലെ വസതിക്കു നേരെയുള്ള ആക്രമണം, ബൈക്ക് കത്തിക്കൽ എന്നിവയെത്തുടർന്ന് എസ്.ഐ.യ്ക്ക് പുതുതായി ബൈക്ക് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) ഇരിങ്ങാലക്കുട എസ്.ഐ.യുടെ വീടിനു നേരെയുള്ള ആക്രമണത്തിൽ അഗ്നിക്കിരയാക്കിയ ബൈക്കിന് പകരം പുതിയ ബൈക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച തീരുമാനമൊന്നും ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ